പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 261</u> <u>30.11.2015 ൽ മറുപടിക്ക്</u>

<u>സർക്കാർ നയങ്ങൾ - പോലീസ് മേധാവിയുടെ പരസ്യ പ്രസ്താവന</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സർക്കാരിന്റെ നയങ്ങളെ വിമർശിച്ച് പോലീസ് മേധാവി പരസ്യപ്രസ്താവന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങളെ പോലീസ് മേധാവി വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം തേടിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) ജനമൈത്രി പോലീസിന്റെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച കൊണ്ടുള്ള തെറ്റായ പ്രവർത്തനങ്ങളെക്കുറിച്ചാണ് പോലീസ് മേധാവി പരാമർശം നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം തേടിയിട്ടില്ല. |
| (സി) പോലീസ് മേധാവി തന്റെ ഔദ്യോഗിക ഫേസ് ബുക്ക് പേജിലൂടെ നടത്തുന്ന പ്രസ്താവനകളും, കമന്റുകളും, അഭിപ്രായങ്ങളും സഹപ്രവർത്തകർക്ക് നേരെയുള്ള വിമർശനങ്ങളും സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന്കരുതുന്നുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ആൾ ഇന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട ചട്ടങ്ങൾ (1968 ലെ AIS Rules) സൂചിപ്പിക്കുകയാണ് സംസ്ഥാന പോലീസ് മേധാവി തന്റെ ഔദ്യോഗിക ഫേസ് ബുക്ക് പേജിലൂടെ ചെയ്തിട്ടുള്ളത്. എതെങ്കിലും പ്രത്യേക പോലീസ് ഓഫീസറെപ്പറ്റിയോ സഹപ്രവർത്തകരെപ്പറ്റിയോ പരാമർശം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സോഷ്യൽ മീഡിയാ വഴിയുള്ള അഭിപ്രായ പ്രകടനത്തിന്റെ പേരിൽ ഏതെങ്കിലും ഐ.പി.എസ്. ഓഫീസർമാർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) സോഷ്യൽ മീഡിയാ വഴിയുള്ള അഭിപ്രായ പ്രകടനത്തിന്റെ പേരിൽ ഐ.പി.എസ്. ഓഫീസർമാർക്കെതിരെ നടപടിയെടുത്തിട്ടില്ല. |

Rajasree

സെക്ഷൻ ഓഫീസർ

87